# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 496** **02.12.2014-ലെ മറുപടിക്ക്**

## നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനു സ്വീകരിച്ച നടപടികൾ

| | ചോദ്യം<br>ശ്രീ. വി. ശശി | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | 28.04.2014 ലെ സർക്കാർ ഉത്തരവ് (പി) നം. 151/14/ധന പ്രകാരം നിയമിക്കപ്പെട്ട സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണ് ; | 28.04.2014 ലെ സർക്കാർ ഉത്തരവ് (പി) നം. 151/14/ധന പ്രകാരം നിയമിക്കപ്പെട്ട സമിതിയുടെ ശുപാർശകൾ ഇപ്രകാരമാണ്. വിവിധ വകുപ്പുകളിലായി പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നിർദ്ദേശം, സർക്കാർ നൽകിയിട്ടുള്ള ഉപാധി രഹിത സ്റ്റേ ഓർഡറുകൾ പിൻവലിക്കുക, കോടതി മുഖാന്തരമുള്ള സ്റ്റേ ഓർഡറുകളിൽ ബന്ധപ്പെട്ട വകുപ്പ് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് സ്റ്റേ ഒഴിവാക്കി വേഗത്തിൽ കേസുകൾ തീർപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളുക, ഭൂമിയുടെ ന്യായവില യുക്തമായ നിരക്കിൽ പുതുക്കി നിശ്ചയിക്കുക, പാർട്ടീഷൻ സെറ്റിൽമെന്റ് ഗിഫ്റ്റ് ആധാരങ്ങളുടെ രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് 19.07.2011 ന് മുമ്പുള്ള നിരക്കിന്റെ 50 ശതമാനമെങ്കിലും പുതുക്കി നിശ്ചയിക്കേണ്ടതും നിലവിലെ പരമാവധി നിരക്ക് എന്നുള്ളത് ഒഴിവാക്കേണ്ടതുമാണ്, ഭൂനികുതി ഇരട്ടിയായി വർദ്ധിപ്പിക്കുക, തോട്ടം നികുതി പുതുക്കി നിശ്ചയിക്കുക, അലോക്കേറ്റഡ് ഫ്ളോർ ഏരിയയുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതി ചുമത്തുക, പാട്ടക്കുടിശ്ശികയായി ലഭിക്കാനുള്ള തുക അടിയന്തിരമായി പിരിച്ചെടുക്കുക, വനഭൂമിയുടെ പാട്ടവാടക വർദ്ധിപ്പിക്കുക, വനം വികസന നികുതി, കാട്ടിൽ നിന്നു ശേഖരിക്കുന്ന മണലിന്റെ സിനിയറേജ് നിരക്ക്, തടിയുടേയും മറ്റു വനോൽപന്നങ്ങളുടേയും സിനിയറേജ് നിരക്ക് എന്നിവ യുക്തിസഹമായ രീതിയിൽ വർദ്ധിപ്പിക്കുക, മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരമുള്ള നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പുനർ രജിസ്ട്രേഷൻ നടത്തുമ്പോൾ 5 വർഷത്തേയ്ക്ക് ഒറ്റത്തവണ നികുതി ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുക, വാട്ടർ ചാർജ്ജ് നിരക്കുകൾ വർദ്ധിപ്പിക്കുക, വാട്ടർ താരിഫ് നിർണ്ണയിക്കുക/നിയന്ത്രിക്കുക, ഗാർഹിക-കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂതല/ഭൂഗർഭ ജലത്തിന് ചാർജ്ജ് നിർണ്ണയിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരമുള്ള ഒരു വാട്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുക, ഡാമുകളിലെ മണൽ നീക്കം ചെയ്ത് അവയുടെ വിൽപ്പന വഴി അധിക വരുമാനംനേടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ/സ്ഥാപന |

| | | |
|---|---|---|
| | | ങ്ങൾ/ബോർഡുകൾ/ കോർപ്പറേഷനുകൾ എന്നിവ സൃഷ്ടിക്കുന്നത് നടപ്പു സാമ്പത്തിക വർഷവും അടുത്ത സാമ്പത്തിക വർഷവും പൂർണ്ണമായും നിരോധിക്കുക, സമാന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയെ സംയോജിപ്പിക്കാവുന്നതാണ്, അധിക തസ്തികകൾ കണ്ടെത്തി പുനർ വിന്യാസം നടത്തുക, ചെലവുകൾക്ക് പാദവാർഷിക പരിധി നിശ്ചയിച്ച് നൽകുക തുടങ്ങിയവ. |
| (ബി) | പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | 10.09.2014 ലെ സ.ഉ. (പി) നം. 387/2014/ധന ഉത്തരവ് പ്രകാരം ഡാമിൽ നിന്ന് മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം സമർപ്പിക്കുന്നതിന് ഒരു ക്യാബിനറ്റ് ഉപസമിതിയെ നിയമിച്ചിട്ടുണ്ട്. 19.09.2014 ലെ സ.ഉ. (പി.) നം. 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 19.09.2014 ലെ തന്നെ സ.ഉ. (പി) നം. 400/2014/ധന പ്രകാരം 2015 മാർച്ച് 31 വരെ പുതിയ തസ്തിക/പുതിയ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. 25.09.2014 ലെ സ.ഉ. (എം.എസ്) നം. 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 10.11.2014 ലെ സ.ഉ. (പി) നം. 482/2014/ധന പ്രകാരം എല്ലാ ഉപാധി രഹിത സ്റ്റേ കളും പിൻവലിച്ചിട്ടുണ്ട്. കൂടാതെ ഭൂനികുതി, തോട്ടം നികുതി, ഭൂമിയുടെ ന്യായവില എന്നിവയും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികളുടെ അടിസ്ഥാനത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നിരക്കുകളിലും മറ്റും ഏർപ്പെടുത്തിയ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ജീവിത ചെലവിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നിരക്കുകളിലും മറ്റും ഏർപ്പെടുത്തിയ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ജീവിത ചെലവിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ